കുറിപ്പുകൾ ● **കെ.പി ഇസ്മാഈൽ**

# ഉടയ്ക്കാതെ, ഈ പളുങ്കുപാത്രം

**വാർത്താവിനിമയ** രംഗത്തെ വിസ്മയങ്ങളാണ് മൊബൈൽഫോണും ഇന്റർനെറ്റും. അനുഗ്രഹങ്ങളായി പന്തലിക്കേണ്ട ഈ കണ്ടുപിടുത്തങ്ങൾ യുവതീയുവാക്കൾക്ക് മരണക്കെണിയൊരുക്കുന്ന ചതിക്കുഴികളായി മാറുകയാണോ? മക്കളുടെ സുരക്ഷിതത്വത്തെക്കരുതി സമ്മാനിക്കുന്ന മൊബൈൽഫോൺ മക്കളുടെ ജീവിതംകൊണ്ട് പന്താടുന്ന കാഴ്ചകണ്ട് രക്ഷിതാക്കൾ നടുങ്ങുന്നു. സദാചാരത്തകർച്ച മിക്ക കുടുംബങ്ങളുടെയും പുത്തൻ വിലാപകാവ്യമായിരിക്കുന്നു.

ശാസ്ത്രം മനുഷ്യന് എണ്ണമറ്റ ഉപകരണങ്ങൾ നൽകി. സുഖവും സൗകര്യങ്ങളും നൽകി. പക്ഷേ, സദാചാരത്തിന്റെ പാഠങ്ങൾ ശാസ്ത്രത്തിന്റെ പക്കലില്ല. അക്കാര്യത്തിൽ ശാസ്ത്രത്തിന്റെ പോക്കറ്റ് കാലിയാണ്. കണ്ടുപിടുത്തങ്ങൾ ധർമബോധമില്ലാത്തവന്റെ കൈയിലെ കളിപ്പാട്ടമാകുമ്പോൾ അവ സമൂഹത്തിന് ശാപമായിത്തീരുന്നു.

സദാചാരമെന്നത് വിപുലമായ അർഥതലങ്ങൾ ഉൾക്കൊള്ളുന്ന പദമാണ്. നല്ല മനുഷ്യരുടെ ആചാരം, സന്മാർഗം, സത്യനിഷ്ഠ, സമാധാനചിന്ത, സ്വഭാവശുദ്ധി, സുശീലത്വം, അനുകമ്പ, അഭിമാനബോധം, ആചാരമുറകൾ, ഔദാര്യം, കരുണ, വിശ്വസ്തത, പരോപകാരതൽപരത, ചാരിത്രപാലനം, ധർമാചരണം, മര്യാദ, നേർവഴി എന്നിങ്ങനെയുള്ള ഉത്തമഗുണങ്ങളെല്ലാം സദാചാരം എന്ന പദം ഉൾക്കൊള്ളുന്നു. സദാചാരനിഷ്ഠ പുലർത്തുക എന്നാൽ ഉത്തമമായ മാനുഷിക ഗുണങ്ങളോടെ ജീവിക്കുക എന്നാണ്.

മനുഷ്യന് നന്മയുടെ മേച്ചിൽപുറം കാണിച്ചുകൊടുക്കാനാണ് ദൈവം മതമെന്ന ജീവിതവ്യവസ്ഥ നൽകിയത്. ഉത്തമമായ വഴിയിലൂടെ സഞ്ചരിക്കാനുള്ള ലൈസൻസ് മാത്രമാണ് മനുഷ്യന് അനുവദിച്ചിട്ടുള്ളത്. ജീവിത വഴിയിൽ ചിലേടത്ത് 'നോ എൻട്രി' ബോർഡ് വെച്ചിട്ടുണ്ട്. അത് വകവെക്കാതെ സഞ്ചരിക്കുന്നവർ പിശാചിന്റെ ലോകത്ത് എത്തിപ്പെടുന്നു. പിശാചിന്റെ വലയിൽ അകപ്പെടുന്നവർ കുടുംബത്തിനും സമൂഹത്തിനും കൊള്ളരുതാത്തവരായിത്തീരുന്നു. മതേതരമെന്ന് വേർതിരിച്ച് ജീവിതത്തിൽ അധർമത്തിന് പാസ് നൽകുന്ന കുതന്ത്രം മതത്തിനറിയില്ല. ജീവിതത്തെ താളം തെറ്റിക്കുന്നതും കുടുംബജീവിതം തകർക്കുന്നതും വ്യക്തിയെ സമൂഹത്തിനു കൊള്ളാത്തവനാക്കുന്നതുമെല്ലാം മതത്തിന്റെ അതിർത്തിക്കപ്പുറത്തു നടക്കുന്ന ദുരന്തങ്ങളാണ്.

പൈശാചിക ശക്തികൾ മനുഷ്യന്റെ പിന്നാലെയുണ്ട്. കിട്ടുന്നേടത്തുവെച്ച് അവർ മനുഷ്യനെ തെറ്റിലേക്ക് വലിച്ചിടാൻ തക്കം പാർത്തുകൊണ്ടിരിക്കുന്നു. അധർമത്തിന്റെ വേദിയിൽ ഇബ്‌ലീസ് പൂമാലയുമായി കാത്തിരിക്കും. ഇര അകത്തു കയറുവോളം അവൻ ഹൃദ്യമായി പുഞ്ചിരിക്കും. കയറിക്കഴിഞ്ഞാൽ പിന്നെ അവന്റെ മട്ടും മാതിരിയും മാറും. പിന്നെ ഇര പുറത്തുവരുന്നത് കയറിയതുപോലെ ആഹ്ലാദത്തോടെയായിരിക്കില്ല. പാപത്തിന്റെ വില സഹിക്കാവുന്നതിലുമപ്പുറമാണ്.

സദാചാരത്തകർച്ചക്ക് കിഴക്കെന്നോ പടിഞ്ഞാറെന്നോ വ്യത്യാസമില്ല. പാശ്ചാത്യസംസ്കാരം സദാചാരലംഘനത്തിന് ആക്കം കൂട്ടുന്നുവെന്നത് നേര്. പാശ്ചാത്യമായതെന്തും കടന്നുവരാൻ കിഴക്കിന്റെ വാതിലുകൾ മലർക്കെ തുറന്നുവെച്ചിരിക്കുകയാണ്. ആഗോളവത്കരണമെന്നും ഏകധ്രുവലോകമെന്നുമൊക്കെയുള്ള സുന്ദരനാമങ്ങളുടെ മറവിൽ കടന്നുവരുന്നവയിലേറെയും മനുഷ്യനെ ചതിക്കുഴിയിൽ വീഴ്ത്തുന്നവയാണ്. മദ്യവും മയക്കുമരുന്നുമെല്ലാം മനുഷ്യനെ പാതാളത്തോളം താഴ്ത്തുന്നു; തകർക്കുന്നു. സദാചാരത്തകർച്ചയുടെ കൊടുങ്കാറ്റിൽ നിലംപരിശാകാത്തതൊന്നുമില്ല. പവിത്രമായ കുടുംബബന്ധങ്ങൾ മുതൽ സകലമാനുഷിക നന്മകളും വാടിയ പൂക്കൾപോലെ അടിച്ചുവാരി കുപ്പയിലെറിയപ്പെടുകയാണ്. സിനിമയും ടിവിയും മൊബൈലും ഇന്റർനെറ്റുമെല്ലാം

ചേർന്ന് ഒഴുക്കിക്കൊണ്ടുവരുന്ന മാലിന്യക്കൂമ്പാരങ്ങളിൽ അടിഞ്ഞുപോവുകയാണ് തലമുറകളായി കാത്തുവെച്ച മൂല്യങ്ങളുടെ മണിമുത്തുകൾ.

നമ്മുടെ പൊതുവിദ്യാഭ്യാസം കുട്ടികളിൽ മൂല്യബോധം വളർത്താൻ പര്യാപ്തമല്ല. വർഷങ്ങളോളം പഠിച്ചു പുറത്തിറങ്ങുന്ന കുട്ടിക്ക്, എങ്ങനെ നല്ല മനുഷ്യനായി ജീവിക്കാമെന്ന പാഠം ലഭിക്കുന്നില്ല. നല്ല മനുഷ്യനെയല്ല, പണമുണ്ടാക്കുന്ന യന്ത്രങ്ങളെയാണ് നാം ഉൽപാദിപ്പിക്കുന്നത്. ശരിയായ അടിത്തറയിൽ കെട്ടിയുറപ്പിക്കാത്ത ഈ യന്ത്രങ്ങൾ ഒരു ഘട്ടത്തിൽ ആത്മനിയന്ത്രണം നഷ്ടപ്പെട്ട്, മനസ്സമാധാനം തകർന്ന് വളഞ്ഞ് വികൃതമായിപ്പോകുന്നുവെങ്കിൽ ഉത്തരവാദി ആരാണ്?

സമുദായത്തിൽ മതബോധം വർധിച്ചുവരുന്നതായി തോന്നാം. എന്നാൽ മതത്തിന്റെ പേരിൽ ഇന്ന് ഏറെയും നടക്കുന്നത് വിവിധ ഗ്രൂപ്പുകൾ തമ്മിലുള്ള മത്സരവും പകപോക്കലുമാണ്. പരിപാടികൾക്ക് ആളെക്കൂട്ടുന്ന കാര്യത്തിൽ ഏത് ഗ്രൂപ്പാണ് മുന്നിൽ എന്ന മത്സരമാണ് ഇന്ന് ദീൻ! മതവും വ്യവസായമായിരിക്കുന്നു. മാഫിയകൾ വിലസുന്ന, ലക്ഷങ്ങളും കോടികളും മറിയുന്ന ഭീമൻവ്യവസായം. ഹജ്ജ് യാത്രകൾ പോലും പണമാഫിയകൾ കൈയടക്കി വഷളാക്കിയിരിക്കുന്നു. അധാർമികതയുടെ വൈറസുകൾ കടന്നുകയറാത്ത ഒരു മേഖലയുമില്ല.

ഒരുകാലത്തും തിളക്കം മങ്ങാത്തതും വിലയിടിയാത്തതുമായ രത്നമാണ് സദാചാരം. അത് മുറുകെപ്പിടിക്കുന്നവന് എക്കാലത്തും അന്തസ്സും സ്ഥാനവുമുണ്ടാകും. ശിലായുഗത്തിലായാലും കമ്പ്യൂട്ടർ യുഗത്തിലായാലും അതിന്റെ മൂല്യത്തിന് മാറ്റമില്ല. അധർമത്തിന്റെ ഇടവഴികളിൽ സ്തംഭിച്ച് തളർന്ന് തകർന്നുപോകാതെ നോക്കേണ്ടത് വ്യക്തികളുടെ ഉത്തരവാദിത്വമാണ്. ഒഴുക്കിനെതിരെ നീന്തുന്നവനേ രക്ഷയുള്ളൂ. മനസ്സാക്ഷിയുടെ കാവലാണ് ഏറ്റവും നല്ല കാവൽ. ഒപ്പം പ്രാർഥനയോടെയുള്ള ചുവടുവെപ്പും.

മരണം സുനിശ്ചിതമാണ്. പരലോകത്തിന്റെ കവാടമാണ് മരണം. സദാചാരത്തിന്റെ ഉടയാത്ത പളുങ്കുപാത്രവുമായെത്തുന്ന സൂക്ഷ്മാലുക്കളാര് എന്ന പരീക്ഷണമാണ് ഭൂമിയിൽ നടന്നുകൊണ്ടിരിക്കുന്നത്. യാത്രക്കൊടുവിൽ പാത്രം തകരാതെ കവാടത്തിലെത്തുന്നവർക്ക് അവർണനീയമായ പ്രതിഫലമാണ് പ്രപഞ്ചനാഥൻ വാഗ്ദാനം ചെയ്തിട്ടുള്ളത്. ഒരു കണ്ണും ഇതുവരെ കാണാത്ത സമ്മാനം; സ്വർഗം. ■